**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **14-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | പ്രസ്തുത തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ; | (ബി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിലുള്ള ലോലെവൽ ജെട്ടി , ഹാർബറിന്റെ വടക്ക് ഭാഗത്തായി പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 615 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ പരിമിതപ്പെടുത്തിക്കൊണ്ട് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 11/1/2024- ലെ ബി 2/164/2022/മതുവ നം . കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുകയാണ് .<br><br>മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് ഹാർബറിന്റെ വടക്ക് വശത്തായി മറ്റൊരു ലോലെവൽ ജെട്ടി , പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ , മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2300 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് , നബാർഡ് XXIX പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചു . പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല . പദ്ധതിക്ക് അംഗീകാരം ലഭ്യമാകാത്ത സാഹചര്യത്തിൽ ബ്രേക്ക് വാട്ടർ ഉൾപ്പെടെ പൂർണ്ണരൂപത്തിലുള്ള എസ്റ്റിമേറ്റ് ഡി. പി.ആർ |

| | | | |
|---|---|---|---|
| | | | സഹിതം NABARD XXX ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ HECE/518/2023-DR8 നമ്പർ ഫയലിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പുതുക്കിയ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ